# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2388 18.06.2014 ൽ മറുപടിക്ക്

**സർക്കാർ സർവ്വീസിലുള്ള ജീവനക്കാർക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് തുക മാറി നൽകുന്നതിന് തടസ്സങ്ങൾ**

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ : | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ സർവ്വീസിലുള്ള ജീവനക്കാർക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ തുക മാറി നൽകുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്താണെന്ന് പറയാമോ; | (എ) | 1960-ലെ 'കെ.ജി.എസ്.എം.എ' റൂൾ അനുസരിച്ച് സമർപ്പിക്കുന്ന മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകളിന്മേൽ ആവശ്യമായനടപടി കൈക്കൊണ്ട് തുക മാറിൽകുന്നതിൽ തടസ്സങ്ങൾ ഒന്നും ഇല്ല. |
| (ബി) | വിവിധ ലാബ് ടെസ്റ്റുകൾക്കും മരുന്നുകൾക്കും സർക്കാർ ജീവനക്കാർക്ക് തുക മാറി നൽകുന്നത് 1980-ലെ മെഡിക്കൽ ലാബ് റേറ്റ് പ്രകാരമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇന്നത്തെ ചികിത്സാച്ചെലവിന്റെ തുച്ഛമായ ശതമാനം മാത്രമേ ഇതാകുന്നുള്ളുവെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; ഈ നിരക്ക് കാലാകാലങ്ങളിൽ ലാബുകൾ പരിഷ്ക്കരിക്കുന്നതിനും മരുന്നുകളുടെ മാർക്കറ്റ് റേറ്റ് അനുസരിച്ചും പരിഷ്ക്കരിച്ച് മാറി നൽകാൻ ഉത്തരവിറക്കുമോ; | (ബി) | ഉണ്ട്. ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി GO(Rt)4254/2013/H&FWD, തീയതി 26.12.2013 പ്രകാരം ഒരു വിഗദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | വൃക്ക - കരൾ രോഗങ്ങൾ പോലെ ഗൗരവമുള്ളതും ഗുരുതരവുമായ രോഗങ്ങളുള്ള സർക്കാർ ജീവനക്കാർക്ക് ടെസ്റ്റുകളുടെയും മരുന്നുകളുടെയും വില സാങ്കേതിക തടസ്സങ്ങൾ പറഞ്ഞ് താമസിപ്പിക്കാതിരിക്കുവാനും ശരിയായ നിരക്കിൽ തന്നെ റീ-ഇമ്പേഴ്സ് ചെയ്തു നൽകാനും നടപടി സ്വീകരിക്കുമോ? | (സി) | 1960-ലെ 'കെ.ജി.എസ്.എം.എ' റൂൾ അനുസരിച്ച് സമർപ്പിക്കുന്ന മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകളിന്മേൽ ആവശ്യമായ നടപടി കൈക്കൊണ്ട് പ്രസ്തുത റൂൾ പ്രകാരമുള്ള നിരക്കിൽ റീ-ഇമ്പേഴ്സ് ചെയ്യുന്നതിൽ സാങ്കേതിക തടസ്സങ്ങൾ ഒന്നും ഇല്ല. ആയത് സമയപരിധിക്കുള്ളിൽ തന്നെ നൽകിവരുന്നുണ്ട്. |

Manjith

സെക്ഷൻ ഓഫീസർ